# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3170 — 11.12.2014 ൽ മറുപടിയ്ക്ക്

## സപ്ലൈകോയിൽ സബ്സിഡി ഇനങ്ങൾ

**ചോദ്യം**

ശ്രീ. കെ.വി.അബ്ദുൾ ഖാദർ

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) മുൻ സർക്കാരിന്റെ കാലത്ത് എത്ര നിത്യോപയോഗ സാധനങ്ങൾക്കാണ് സപ്ലൈകോയിൽ സബ്സിഡി അനുവദിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സബ്സിഡി സാധനങ്ങളുടെ എണ്ണത്തിൽ വെട്ടി കുറവു വരുത്തുകയുണ്ടായോ ;

(സി) എങ്കിൽ എത്ര ഇനങ്ങൾ കുറച്ചു എന്നും, കുറവു വരുത്തുവാനുള്ള കാരണവും വ്യക്തമാക്കുമോ ;

(എ) യും (ബി) യും (സി) യും സപ്ലൈകോ വില്പനശാലകൾ വഴി മുൻകാലങ്ങളിൽ (അതായത് 31.07.2012 വരെ) സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്ന സാധനങ്ങളുടെയും 01.08.2012 മുതൽ നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നതുമായ സാധനങ്ങളുടെയും വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | മുൻ സർക്കാരിന്റെ കാലത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്ത സാധനങ്ങളുടെ വിവരം | നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിവരം |
|---|---|---|
| 1 | ഉഴുന്ന് (ബോൾ) | ഉഴുന്ന് (ബോൾ) |
| 2 | ഉഴുന്ന് (പിളർന്നത്) | വൻപയർ |
| 3 | വൻപയർ | തുവരപരിപ്പ് |
| 4 | തുവരപരിപ്പ് | മുളക് |
| 5 | മുളക് | മല്ലി |
| 6 | മല്ലി | പഞ്ചസാര |
| 7 | പഞ്ചസാര | പച്ചരി |
| 8 | പച്ചരി | മട്ട അരി |
| 9 | മട്ട അരി | ജയ അരി |
| 10 | പീസ് പരിപ്പ് | കുറുവ അരി |
| 11 | ബോധന അരി | വൻകടല |
| 12 | ഉലുവ | ചെറുപയർ |
| 13 | കടുക് | വെളിച്ചെണ്ണ |
| 14 | ജീരകം | |

2006-2010 കാലഘട്ടത്തിൽ ചെറുപയർ, കടല

എന്നിവ ഭാരത സർക്കാർ സംസ്ഥാന സർക്കാരുകൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു. അങ്ങനെ സബ്സിഡി നിരക്കിൽ ലഭിച്ച ചെറുപയറും, കടലയും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുന്നതനുസരിച്ച് ആ കാലയളവിൽ സപ്ലൈകോ സബ്ഡിഡി നിരക്കിൽ വിറ്റഴിച്ചിരുന്നു.

സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവെ വിൽപ്പന കറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നു പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് 01.08.2012 മുതൽ ഒഴിവാക്കുകയും, പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി ഇനങ്ങളായി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിൽപ്പന കൂടുതലുള്ള നിത്യോപയോഗ സാധനങ്ങൾ ഒന്നും സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. സബ്സിഡി ഒഴിവാക്കിയ ഇനങ്ങൾ ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതാണ്.

സബ്സിഡിയിൽ നിന്ന് ഒഴിവാക്കിയ ഇനങ്ങൾ, സപ്ലൈകോ ഇ-ടെൻഡർ വഴി വാങ്ങുന്ന വിലയോടൊപ്പം കടത്തുകൂലിയും കൈകാര്യ ചെലവുകളും മാത്രം ചേർത്ത് ഫ്രീ സെയിൽ സബ്ഡിസി നിരക്കുകളിലാണ് വിൽപ്പന നടത്തുന്നത്. ഈ വിലകൾ പൊതു വിപണിയിലെ വിലയേക്കാൾ 10% വരെ കുറവാണ്. ഈ ഇനങ്ങൾക്ക് നിലവിൽ വിൽപ്പന നിയന്ത്രണങ്ങൾ ഒന്നും ഇല്ല.

Beena

സെക്ഷൻ ഓഫീസർ

6